പ്രീമെട്രിക് ഹോസ്റ്റലുകൾ

124 (5529) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ എത്ര പ്രീ-മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ആൺകുട്ടികൾക്കു മാത്രമായി എത്ര ഹോസ്റ്റലുകൾ ഉണ്ട് ;

(സി) ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ഡി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് സർക്കാർ എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് നൽകുന്നത് ;

(എഫ്) ഭക്ഷണ ചെലവിനത്തിൽ പ്രതിമാസം എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് ;

(ജി) കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നിലവിൽ 90 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു.

(ബി) ആൺകുട്ടികൾക്കു മാത്രമായി 48 ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന 12 ഹോസ്റ്റലുകൾ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകൾ എല്ലാംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളവയാണ്. ഇവയുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ACA, SCA to SCP ഫണ്ടുകളിൽ നിന്നും തുക ചെലവഴിക്കുന്നു. ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ജില്ലാ പട്ടികജാതി വികസന ആഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുക അനുവദിച്ച് നൽകുന്നു. പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 2006-07 വർഷത്തിൽ 146.54 ലക്ഷം രൂപയും 2007-08-ൽ 276.31 ലക്ഷം രൂപയും 2008-09-ൽ 182.54 ലക്ഷം രൂപയും 2009-10-ൽ 140.70 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന നെയ്യാറ്റിൻകര, ചാത്തന്നൂർ, പന്തളം, റാന്നി, മൂത്തകുന്നം, തളിപ്പറമ്പ് എന്നീ ആറ് പ്രീമെട്രിക് ഹോസ്റ്റലുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിച്ചുവരുന്നു. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ശേഷിക്കുന്ന 16 ഹോസ്റ്റലുകൾക്കുകൂടി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പ്രീമെട്രിക് ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിൽ 140 രൂപയും 5 മുതൽ 7 വരെ ക്ലാസ്സുകളിൽ 240 രൂപയും 8, 9, 10 ക്ലാസ്സുകളിൽ 330 രൂപയും ലംപ്സം ഗ്രാന്റ് നൽകിവരുന്നു.

ഒരു ക്ലാസ്സിൽ ആദ്യ തവണ തോൽക്കുന്ന വിദ്യാർത്ഥികൾക്ക് മേൽപ്പറഞ്ഞ തുകയുടെ 50 ശതമാനം ലംപ്സംഗ്രാന്റായി നൽകുന്നു. പട്ടികജാതി വിഭാഗത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന നായാടി, വേടൻ, വേട്ടുവൻ വിഭാഗത്തിലെ കുട്ടികൾക്ക് ലംപ്സംഗ്രാന്റിനു പുറമെ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ 55 രൂപ, 5 മുതൽ 7 വരെ ക്ലാസ്സുകളിൽ 60 രൂപ, 8 മുതൽ 10 വരെ ക്ലാസ്സുകളിൽ 70 രൂപ എന്നിങ്ങനെ പ്രതിമാസ സ്റ്റൈപ്പന്റ് നൽകിവരുന്നു.

വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്ക് ജാതി, വരുമാനം നോക്കാതെ 3 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഹോസ്റ്റലേഴ്സിന് പ്രതിമാസ സ്റ്റൈപ്പന്റായി 700 രൂപ വീതവും ഡേ സ്കോളേഴ്സിന് 110 രൂപ വീതവും നൽകുന്നു. അഡ് ഹോക്ക് ഗ്രാന്റായി ഡേ സ്കോളേഴ്സിന് 750 രൂപയും ഹോസ്റ്റൽ അന്തേവാസികൾക്ക് 1,000 രൂപയും നൽകുന്നു.

ഉയർന്ന മാർക്കോടുകൂടി നാലാം സ്റ്റാൻഡേർഡ് പാസ്സാകുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് സഹകാര്യ ബോർഡിംഗ് സ്കൂളുകളിൽ വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ എല്ലാ ചെലവും സർക്കാർ വഹിക്കുന്നു. (വരുമാന പരിധി 18,000 രൂപ) പ്രീമെട്രിക് തലത്തിൽ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രതിവർഷം ട്യൂഷൻ ഫീസായി 1,000 രൂപ നിരക്കിലും ഈ നിരക്കിന്റെ മൂന്നിൽ ഒരു ഭാഗം (333 രൂപ) സ്പെഷ്യൽ ഫീസിനത്തിലും 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് പ്രതിവർഷം 1,500 രൂപ നിരക്കിലും മൂന്നിൽ ഒരു ഭാഗം തുകയായ 500 രൂപ സ്പെഷ്യൽ ഫീസും നൽകി വരുന്നു.

(എഫ്) പ്രീമെട്രിക് ഹോസ്റ്റലുകളിൽ അന്തേവാസികൾക്ക് ഭക്ഷണത്തിനായി 1,300 രൂപ വീതം മെസ്സ് അലവൻസായി അനുവദിക്കുന്നു.

(ജി) പ്രീമെട്രിക് ഹോസ്റ്റലിൽ ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ്, കണക്ക്, സയൻസ്, ഹിന്ദി എന്നീ വിഷയങ്ങളിൽ പ്രത്യേകം ട്യൂഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. യു.പി. തലത്തിൽ ക്ലാസ്സ് തിരിച്ച് ട്യൂഷൻ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly